ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാരിന്റെ 100% ഓഹരി ഉടമസ്ഥതയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയായിട്ടാണ് പുനഃസംഘടിപ്പിച്ചിട്ടുള്ളത്. സർക്കാരിതര കമ്പനിയാക്കാൻ ആലോചനയില്ല.

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനെ മറികടന്ന് നിയമനങ്ങൾ നടത്തിയിട്ടില്ല.

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

5 (4587) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-7-2011-ലെ കണക്ക് പ്രകാരം ഗാർഹിക വൈദ്യുതി നിരക്ക് എത്രയായിരുന്നു ;

(ബി) 1-6-2011-ലെ കണക്ക് അനുസരിച്ച് ഇത് എത്രയായിരുന്നു ;

(സി) 1-7-2011-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് എത്ര രൂപയുടെ കടം ഉണ്ടായിരുന്നു ;

(ഡി) 1-7-2011-ൽ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര രൂപ കുടിശ്ശിക ലഭിക്കുവാനുണ്ടായിരുന്നു ;

(ഇ) 1-6-2015-ലെ കണക്ക് പ്രകാരം ബോർഡിന് എത്ര രൂപ കടമുണ്ട് ;

(എഫ്) 1-6-2015-ലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ എത്ര കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട് ; കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് സഹിതം വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) 1-7-2011-ലെയും 1-6-2015-ലെയും ഗാർഹിക വൈദ്യുതി നിരക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) 1-7-2011-ലെ കണക്ക് അനുസരിച്ച് വൈദ്യുതി ബോർഡിന്റെ കടം 2വടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	തുക കോടിയിൽ
ദീർഘകാല വായ്പ	623.13
മധ്യകാല വായ്പ	--
ഹ്രസ്വകാല വായ്പ	600
ഓവർഡ്രാഫ്റ്റ്	400.16
ആകെ	1,623.29

(ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസമായിട്ടാണ് തയ്യാറാക്കുന്നത്. അതനുസരിച്ച് 30-6-2011-ൽ ആകെ 1202.59 കോടി രൂപ കുടിശ്ശികയുണ്ട്.

(ഇ) 1-6-2015-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന്റെ കടം ചുവടെ ചേർക്കുന്നു.

	തുക കോടിയിൽ
ദീർഘകാല വായ്പ	1209.41
മധ്യകാല വായ്പ	494.43
ഹ്രസ്വകാല വായ്പ	2200.00
ഓവർഡ്രാഫ്റ്റ്	2139.97
ആകെ	6043.81

(എഫ്) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസമായി കണക്കാക്കുന്നതിനാൽ 31-3-2015-ലെ ത്രൈമാസ കണക്കനുസരിച്ച് ആകെ 1752.42 കോടി രൂപ കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്.

സ്വകാര്യ മേഖലയിലെ ഉപഭോക്താക്കൾ 596.38 കോടി രൂപയുടെ കുടിശ്ശിക വകയിരുത്തിയിരിക്കുന്നതിൽ 299.38 കോടി രൂപ വ്യവഹാരങ്ങളിൽപ്പെട്ടതാണ്. എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിലെ കുടിശ്ശിക സംബന്ധിച്ച വിശദവിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly